# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3791 20/07/2015 ൽ മറുപടിക്ക്

## സ്കൂൾ കുട്ടികൾക്കായുള്ള ഉച്ചഭക്ഷണ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.കെ.എസ്.സലീഖ | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സ്കൂൾ കുട്ടികൾക്കായുള്ള ഉച്ചഭക്ഷണ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണ് എന്നും ഇതിനായി ഓരോ സ്കൂളുകളിലും എത്ര തുക മറ്റു ഭക്ഷ്യസാധനങ്ങൾക്ക നൽകുന്നു എന്നും ഇതിനായി ഓരോ ജില്ലയിലും ചിലവാക്കുന്ന തുക എത്ര എന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | എ) | ഉച്ചഭക്ഷണ പദ്ധതിയിലെ ഗുണഭോക്താക്കളായ സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രാദേശിക സാഹചര്യങ്ങൾകൂടി കണക്കിലെടുത്ത് പോഷക സമൃദ്ധമായ ആഹാരം നൽകുന്നതിനും ഒരു അദ്ധ്യയന വർഷത്തേക്ക് കുട്ടിയൊന്നിന് ഒരു നിശ്ചിത തുക നിശ്ചയിച്ച് ആയത് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും ഇ-ട്രാൻഫർ മുഖേന സ്കൂൾ പ്രഥമാദ്ധ്യാപകരുടെ അക്കൗണ്ടിലേക്ക് നൽകിവരുന്നു.<br>താഴെപ്പറയുന്ന രീതിയിൽ ഈ തുക അനുവദിക്കുന്നു.<br>1) 150 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ കുട്ടിയൊന്നിന് 5/- രൂപ യും പാചകക്കൂലി 200/- രൂപയും<br>2) 151 മുതൽ 500 വരെ കുട്ടികളുള്ള സ്കൂളുകളിൽ പ്രതിദിനം 6/- രൂപ (പാചകക്കൂലി ഉൾപ്പെടെ).<br>3) 501-നു മുകളിൽ കുട്ടികൾ വരുന്ന സ്കൂളുകളിൽ 500 കുട്ടികൾ വരെ 6/- രൂപയും 500-നു മുകളിൽ ഓരോ കുട്ടിക്കും പ്രതിദിനം 5/- രൂപ വീതവും (പാചകക്കൂലി ഉൾപ്പെടെ)<br>തുക ജില്ലതിരിച്ച് ചുവടെ ചേർക്കുന്നു. (2014-15 അദ്ധ്യയന വർഷത്തെ തുക) |

| ജില്ലയുടെ പേര് | ആകെ അനുവദിച്ച തുക |
|---|---|
| Thiruvananthapuram | - 25,43,39,725 |
| Kollam | - 20,08,58,313 |
| Pathanamthitta | - 8,12,93,635 |
| Alappuzha | - 15,54,76,698 |
| Kottayam | - 15,81,14,969 |
| Idukki | - 10,48,52,428 |
| Ernakulam | - 21,52,73,533 |
| Thrissur | - 23,16,08,887 |
| Palakkad | - 28,66,66,310 |
| Malappuram | - 55,33,23,126 |
| Kozhikkode | - 33,61,69,567 |
| Wayanad | - 10,36,30,575 |
| Kannur | - 28,17,19,192 |
| Kasargode | - 16,16,01,174 |

| | | | |
|---|---|---|---|
| ബി) | പല സ്കൂളുകളിലും ഉച്ചഭക്ഷണം ഫലപ്രദമായി നൽകുന്നില്ല എന്നും ആയതിന്റെ കാരണം സർക്കാർ സഹായം ലഭിക്കുന്നത് യഥാസമയമല്ല എന്നതും പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കാമോ; | ബി) | കണ്ടിജന്റ് ഇനത്തിൽ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായും ഓരോ മൂന്നു മാസത്തേക്കും അഡ്വാൻസ് ആയി എല്ലാ സ്കൂളിലേക്കും പ്രഥമാദ്ധ്യാപകരുടെ അക്കൗണ്ടിലേക്ക് ഇ-ട്രാൻസ്ഫർ മുഖേന തുക നൽകിവരുന്നു. ആയതിന്റെ ഫണ്ട് വിതരണത്തിൽ കാലതാമസം വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | ഇവ പരിശോധിക്കാൻ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാം എന്ന ജില്ല തിരിച്ച് വ്യക്തമാക്കുമോ; | സി) | ഓരോ ജില്ലയിലും ഓരോ നൂൺമീൽ സൂപ്പർവൈസർമാരെ നിയമിച്ചിട്ടുണ്ട്. |
| ഡി) | അഴിമതിയും യഥാസമയം പരിശോധനയില്ലാത്തതും മൂലം സർക്കാർ സ്കൂൾ കുട്ടികൾക്ക് പോഷകസമൃദ്ധമായ ആഹാരമോ അത് യഥാസമയം ലഭിക്കുന്നതോ ഉറപ്പാക്കാൻ പ്രസ്തുത ഉദ്യോഗസ്ഥർക്ക് കഴിയാത്തത് | ഡി) | ഉച്ചഭക്ഷണ പരിപാടിയുടെ നടത്തിപ്പു പരിശോധിക്കുന്നതിനും ഓരോ ജില്ലയിലും നൂൺമീൽ സൂപ്പർവൈസർമാരെ നിയമിച്ചിട്ടുണ്ട്. ടി സൂപ്പർ വൈസർമാർക്ക് ജില്ലയിലെ എല്ലാ സ്കൂളുകളിലും സമയബന്ധിതമായിട്ട് പരിശോധന നടത്താൻ കഴിയാത്ത സാഹചര്യത്തിൽ എല്ലാ ഉപജില്ലാ ഓഫീസിലും സ്കൂൾ ഉച്ചഭ |

| | | | |
|---|---|---|---|
| | പരിശോധിക്കാൻ എന്തു നടപടി സ്വീകരിക്കും എന്നു വ്യക്തമാക്കുമോ; | | ക്ഷണ പരിശോധനക്കായി ഓരോ നൂൺമീൽ ഓഫീസർമാരെ നിയമിച്ചുകൊണ്ട് 04.05.2015 തീയതിയിലെ ജി.ഒ.(എം.എസ്)98/2015 നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ഇ) | പോഷകസമൃദ്ധമായ ആഹാരത്തിന് സർക്കാർ അനുവദിച്ച തുക എത്ര; ഇതിനായുള്ള സർക്കാർ പാചകക്കൂലി എത്ര; കയറ്റിറക്കുകൂലി എത്ര എന്നും പ്രീപ്രൈമറി തുടങ്ങി ഓരോ വിഭാഗത്തിനും സർക്കാർ നിഷ്കർഷിച്ച ആഹാരസാധനങ്ങൾ എന്തെല്ലാം എന്നും ഇതിൽ നൽകിവരുന്നത് എത്ര എന്നും ഇവ പ്രസ്തുത കുട്ടികൾക്ക് ഇന്ന് സർക്കാർ നിശ്ചയിച്ച തുകയിൽ കൊടുക്കാൻ പറ്റുമോ എന്നുള്ള കാര്യവും വ്യക്തമാക്കാമോ; | ഇ) | പോഷക സമൃദ്ധമായ ആഹാരത്തിനു കുട്ടിയൊന്നിന് പ്രവർത്തിദിവസം 5/-, 6/- രൂപ നിരക്കിൽ നൽകുന്നു. |

150 കുട്ടികൾവരെയുള്ള സ്കൂളുകളിൽ പാചകക്കൂലി മിനിമം 200/- രൂപയും 150-നു മുകളിൽ വരുന്ന ഓരോ കുട്ടിക്കും 25/- പൈസ നിരക്കിൽ പരമാവധി 250/- രൂപ സ്കൂൾ പ്രവൃത്തി ദിവസം നൽകുന്നു. 01/04/2013 മുതൽ മിനിമം കൂലി 200 രൂപയിൽ നിന്നും 250 രൂപയായും പരമാവധി 250 രൂപയിൽ നിന്നും 300 രൂപയായും, 1.4.2014 മുതൽ മിനിമം കൂലി 250 രൂപയിൽ നിന്നും 350 രൂപയായും പരമാവധി 300 രൂപയിൽ നിന്നും 400 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

ഉച്ചഭക്ഷണത്തിനാവശ്യമായ അരി FCI -ൽ നിന്നും മാവേലി സ്റ്റോറിൽ നൽകുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷന് മെട്രിക് ടണ്ണിന് 2150/- രൂപ നിരക്കിൽ കയറ്റിറക്കുകൂലി ഇനത്തിൽ നൽകുന്നു.

**കുട്ടികൾക്കു നൽകുന്ന അരി**

| സ്കൂൾതലം | ക്ലാസ്സ് | അരിയുടെ അളവ് |
|---|---|---|
| പ്രീ-പ്രൈമറി | | 30 ഗ്രാം |
| പ്രൈമറി | 1 മുതൽ 5 വരെ | 100 ഗ്രാം |
| അപ്പർ പ്രൈമറി | 6 മുതൽ 8 വരെ | 150 ഗ്രാം |
| സ്പെഷ്യൽ സ്കൂൾ | 12 വയസ്സുവരെ | 100 ഗ്രാം |
| | 12 വയസ്സിനു മുകളിൽ | 150 ഗ്രാം |
| ബഡ്സ് സ്കൂൾ | 1 മുതൽ 5 വരെ | 100 ഗ്രാം |
| ടെക്നിക്കൽ സ്കൂൾ | 8-ാം ക്ലാസ്സ് | 150 ഗ്രാം |

| | | | |
|---|---|---|---|
| എഫ്) | എങ്കിൽ പ്രസ്തുത തുക കൂട്ടി നിശ്ചയിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | എഫ്) | പ്രീ-പ്രൈമറി, പ്രൈമറി, അപ്പർ പ്രൈമറി വിഭാഗത്തിന് സ്കൂൾ പ്രവൃത്തി ദിവസം കുട്ടിയൊന്നിന് 5/-, 6/- രൂപ നിരക്കിൽ നൽകിവരുന്നത് 7/- രൂപ നിരക്കിൽ വർദ്ധിപ്പിക്കുന്നതിനായി പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ